# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

07.02.2018-ൽ
മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3047

### ഐ..എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

*ചോദ്യം*
ശ്രീ.അൻവർ സാദത്ത്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളിയിലുള്ള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരക്ക് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതിനാലും, കെട്ടിട നിർമ്മാണത്തിനുള്ള design ലഭിക്കുവാൻ താമസം നേരിട്ടതിനാലും, Manual mode ൽ നിന്നും Electronic Mode - ലേയ്ക്ക് എസ്റ്റിമേറ്റ് പരിശോധന മാറിയതിനാലും പ്രസ്തുത കെട്ടിട നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസമുണ്ടായി. ഇപ്പോൾ പ്രസ്തുത നിർമ്മാണം തടസ്സമില്ലാതെ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതി-യാണ് നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ ഇതിനകം | (ബി) | 243 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.യ്ക്കായി അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നും ഇതുവരെ ഒരു കോടി |

| | | | |
|---|---|---|---|
| | ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | | രൂപ പ്രസ്തുത നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിത-മായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) | പൊതുമരാമത്ത് അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ